# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

2020 മാർച്ച് 18, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ധനകാര്യവും കയറും വകുപ്പുമന്ത്രി |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
| വൈദ്യുതി വകുപ്പുമന്ത്രി |
| സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |

### കയറുല്പന്നങ്ങളുടെ വിപണനം

*331. ശ്രീമതി യു. പ്രതിഭ

ശ്രീ.ജോൺ ഫെർണാണ്ടസ്

,, ബി.സത്യൻ

,, കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ അശ്രാന്ത പരിശ്രമഫലമായി കയറുല്പാദനത്തിൽ ഉണ്ടായ വർദ്ധനവിനനുസൃതമായി ഉല്പന്നങ്ങൾ കെട്ടിക്കിടക്കാതെ വിറ്റഴിക്കാൻ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) യന്ത്രവൽക്കരണത്തിലൂടെ ഉല്പാദനക്ഷമത ഉയർത്തി വിപണിയിൽ ഉല്പന്നങ്ങളുടെ മത്സരക്ഷമത ഉയർത്താനായിട്ടുണ്ടോ;

(സി) ഉല്പാദനം ഒരു ലക്ഷം ടൺ എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; ഉല്പന്ന വൈവിധ്യവൽക്കരണത്തിന്റെ സാധ്യത പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) കയർഫെഡിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കാനായിട്ടുണ്ടോ; വിശദാംശം നൽകുമോ?

### കിഫ്ബിയിൽ സർക്കാരിനുള്ള അധികാരാവകാശങ്ങൾ

*332. ശ്രീ.സി.മമ്മൂട്ടി

,, എം. സി. കമറുദ്ദീൻ

,, കെ.എം.ഷാജി

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി ബോഡി കോർപ്പറേറ്റ് വിഭാഗത്തിൽപ്പെടുന്ന കിഫ്ബിയിൽ സർക്കാരിന് നിലവിലുള്ള അധികാരാവകാശങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പദ്ധതികൾക്ക് കിഫ്ബി മുടക്കുന്ന പണത്തിന് നൽകിവരുന്ന ഗ്യാരന്റി ഏതുവിധത്തിലുള്ളതാണെന്ന് വ്യക്തമാക്കുമോ; റീപേയ്മെന്റ് വ്യവസ്ഥകൾ എന്തൊക്കയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന പദ്ധതികൾക്ക് കിഫ്ബി മുഖേന 2019 ഡിസംബർ 31 വരെയുള്ള മൊത്തം മുതൽ മുടക്ക് എത്രയാണെന്നും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത പദ്ധതികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

<u>വിനോദസഞ്ചാര വ്യവസായത്തിനായി കിഫ്ബി പദ്ധതികൾ</u>

*333. ശ്രീ.കെ.കുഞ്ഞിരാമൻ

,, ഒ. ആർ. കേളു

ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വ്യവസായത്തിന്റെ സാധ്യത കണക്കിലെടുത്ത് ടൂറിസം വികസനത്തിനായി കിഫ്ബി വഴി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) കൊച്ചിൻ ബിനാലെ കൊണ്ട് ടൂറിസം മേഖലയ്ക്കുണ്ടാകുന്ന നേട്ടം വിലയിരുത്തിയിട്ടുണ്ടോ; ബിനാലെക്ക് സ്ഥിരം വേദി ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; സാഹസിക വിനോദസഞ്ചാര രംഗത്ത് സുരക്ഷ ഉറപ്പാക്കാൻ ചട്ടങ്ങൾ തയ്യാറായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>കൊറോണ വൈറസ് ബാധയും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയും</u>

*334. ശ്രീ.ജി.എസ്.ജയലാൽ

,, മുല്ലക്കര രത്നാകരൻ

ശ്രീമതി ഗീതാ ഗോപി

,, സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ വൈറസ് ബാധ (കോവിഡ് - 19) ലോകമാകമാനം ഭീതി വിതച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അത് ലോകസാമ്പത്തിക വ്യവസ്ഥയെയും അതുമായി പലവിധത്തിൽ ബന്ധപ്പെട്ടുന്ന കേരളത്തിലെ സമ്പദ് വ്യവസ്ഥയെയും ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ നിന്ന് ലോക കമ്പോളത്തിലേക്ക് കയറ്റുമതി ചെയ്യുന്ന പല ഉല്പന്നങ്ങളെയും ഇത് എപ്രകാരം ബാധിക്കുമെന്നറിയിക്കുമോ;

(സി) ഇറക്കുമതിയെ ധാരാളമായി ആശ്രയിക്കുന്ന സംസ്ഥാനമാകയാൽ കേരളത്തിലേക്കുള്ള ഇറക്കുമതിയെ

ഇത് എപ്രകാരം ബാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) മനുഷ്യ വിഭവശേഷി ഏറ്റവും കൂടുതൽ മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന സംസ്ഥാനമെന്ന നിലയിൽ വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന മലയാളികളെ ഇത് ഏതുവിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>വനിതകൾക്ക് പ്രാമുഖ്യം നൽകിയുള്ള ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ</u>

*335. ശ്രീമതിവീണാ ജോർജ്ജ്

ശ്രീ.സി. കെ. ശശീന്ദ്രൻ

,, കെ.ഡി. പ്രസേനൻ

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ സ്ത്രീകളിലേയ്ക്ക് കൂടി എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള എത്നിക് കുസിൻ എക്സ്പീരിയൻസ് പ്രാവർത്തികമായിട്ടുണ്ടോ;

(ബി) ഒന്നേകാൽ ലക്ഷത്തിലധികം പേർക്ക് കൂടി പ്രയോജനം ലഭിക്കത്തക്ക വിധം പുതിയ ഇരുപതിനായിരം ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ രൂപീകരിക്കുന്നത് വനിതകൾക്ക് അവസരം ലഭ്യമാക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ടാണോയെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാര രംഗത്തെ വികസനം സുസ്ഥിരമാക്കുന്നതിന് നടത്തിവരുന്ന പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>കെ.എസ്.എഫ്.ഇ.യുടെ വിപുലീകരണ പ്രവർത്തനങ്ങൾ</u>

*336. ശ്രീ.കാരാട്ട് റസാഖ്

,, എ. എൻ. ഷംസീർ

,, പി.കെ. ശശി

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്. ഇ.യെ പ്രധാന നിക്ഷേപ പ്രോത്സാഹന സ്ഥാപനമെന്ന സ്ഥിതിയിലേക്ക് മാറ്റിത്തീർക്കുന്നതിന് വേണ്ടി നടത്തുന്ന വിപുലീകരണ-ശക്തീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) എണ്ണത്തിൽ കുറവുണ്ടാകുമ്പോഴും പ്രവാസികളുടെ ധനവരവിൽ ഉണ്ടാകുന്ന ഗുണപരമായ മാറ്റം നിശ്ചല സമ്പാദ്യം എന്ന നിലയിൽ നിന്ന് സംസ്ഥാനത്തെ വികസന പദ്ധതികൾക്ക് ചാലകശക്തിയാകുന്ന തരത്തിൽ വഴിതിരിച്ച് വിടാൻ പ്രവർത്തനം നടത്തുന്നുണ്ടോ;

(സി) വിദേശത്ത് നിന്ന് പണമയയ്ക്കുന്നതിന്റെ ചെലവ് കൂടുതലാണെന്ന് മൈഗ്രേഷൻ സർവ്വേ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവാസികളിൽ നിന്നുള്ള ധനവരവ് ചെലവ് കുറച്ച് സുഗമമാക്കുന്നതിന് കെ.എസ്.എഫ്. ഇ. മുഖേനയോ അല്ലാതെയോ സർക്കാരിന് ഇടപെടാൻ സാധ്യമാകുമോ എന്ന് പരിശോധിക്കുമോ?

ഫിലമെന്റ് രഹിത കേരളം പദ്ധതി

*337. ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.സി. ദിവാകരൻ

,, ആർ. രാമചന്ദ്രൻ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) എല്ലാ വീടുകളിലെയും ബൾബുകൾ മാറ്റി കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും സ്ഥാപിക്കുമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ബൾബുകൾ മാറ്റുന്നതിന് ഉപഭോക്താവ് എന്തൊക്കെ നടപടികൾ സ്വീകരിക്കണം എന്നറിയിക്കാമോ;

(ഡി) ഫിലമെന്റ് രഹിത പദ്ധതി പീക്ക് ലോഡ് കുറയ്ക്കുന്നതിന് സഹായകരമാകുമോ; വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലമുള്ള പാരിസ്ഥിതിക നേട്ടങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ?

ഗ്രോത്ത് കോറിഡോർ പദ്ധതി

*338. ശ്രീ.ആന്റണി ജോൺ

,, എസ്.ശർമ്മ

,, വി.കെ.പ്രശാന്ത്

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയെ സംരക്ഷിക്കുകയും സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുകയുമെന്ന പ്രഖ്യാപിത നിലപാടിനനുസൃതമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഭൂമിയുടെ ലഭ്യതയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുടിയൊഴിപ്പിക്കലുകൾ ഒഴിവാക്കിക്കൊണ്ട് കൃഷിക്കുപയുക്തമല്ലാത്തതോ തരിശായിട്ടുള്ളതോ ആയ ഭൂമി വാങ്ങിയെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ അവസരമാക്കിക്കൊണ്ട് ഗ്രോത്ത് കോറിഡോർ സ്ഥാപിക്കാൻ പരിപാടിയുണ്ടോ എന്ന് അറിയിക്കുമോ?

വൈദ്യുതിയുടെ ആഭ്യന്തരോല്പാദന വർദ്ധനവ്

*339. ശ്രീ.വി. ജോയി

,, എ. പ്രദീപ്കുമാർ

,, ആർ. രാജേഷ്

,, എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വൈദ്യുതിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടം അറിയിക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ഉല്പാദന വർദ്ധനവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) മുടങ്ങിക്കിടന്നിരുന്ന ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെയുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; പുതുതായി നിർമ്മാണം തുടങ്ങാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ പഴക്കം കണക്കിലെടുത്ത് അവയുടെ നവീകരണത്തിനും ശേഷി വർദ്ധനവിനും പരിപാടിയുണ്ടോയെന്ന് അറിയിക്കുമോ?

## അഗതികൾക്കുള്ള ക്ഷേമപെൻഷനുകളിൽ നിയന്ത്രണം

*340. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, പി.ജെ.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗതികൾക്ക് നൽകുന്ന ക്ഷേമപെൻഷനുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെൻഷന് ഈ സർക്കാർ പുതിയ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് മസ്റ്ററിംഗ് നടത്താൻ കഴിയാത്ത കിടപ്പ് രോഗികൾക്കും മറ്റ് അഗതി പെൻഷൻകാർക്കും മസ്റ്ററിംഗ് നടത്തുവാൻ ഇനിയും അവസരം അനുവദിക്കുമോ എന്നറിയിക്കാമോ?

## കൈത്തറി മേഖലയുടെ പുനരുദ്ധാരണം

*341. ശ്രീ.പി. ഉണ്ണി

,, സി.കൃഷ്ണൻ

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദഗ്ധ്യം കൈമുതലായുള്ള അരലക്ഷത്തോളം കുടുംബങ്ങൾ ഉപജീവനത്തിനായി ആശ്രയിക്കുന്ന കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായുണ്ടായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം, ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തി ബ്രാൻഡിംഗ് ഏർപ്പെടുത്തി അന്താരാഷ്ട്ര തലത്തിലുൾപ്പെടെ വിപണി വിപുലീകരിച്ച് സുസ്ഥിരമാക്കുന്നതിന് പരിപാടിയുണ്ടോ എന്നറിയിക്കാമോ?

## മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതികൾ

*342. ശ്രീ.പി.കെ.അബ്ദു റബ്ബ്

,, ടി. വി. ഇബ്രാഹിം

,, എൻ. ഷംസുദ്ദീൻ

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളുടെ കാര്യത്തിൽ കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര പദ്ധതികളാണ് വിഭാവനം ചെയ്തതെന്ന് വെളിപ്പെടുത്താമോ;

(സി) ഇവയിൽ 2016-ൽ കരാറിൽ ഏർപ്പെട്ട പദ്ധതികളിലേതെങ്കിലും പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അവ എത്ര കാലത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ആവിഷ്കരിച്ച പദ്ധതികൾ

*343. ശ്രീ.റോജി എം. ജോൺ

,, കെ.സി.ജോസഫ്

,, ഷാഫി പറമ്പിൽ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമാകാതെ പോയത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ആവിഷ്കരിച്ച ആംനസ്റ്റി സ്കീമുകൾ വിജയപ്രദമായിരുന്നോ; ഇതിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) വരുമാനം വർദ്ധിപ്പിക്കുവാൻ ജി.എസ്.ടി സംവിധാനത്തിൽ കൊണ്ടുവന്നിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

## വൈദ്യുതി ബോർഡ് എൻ.ടി.പി.സി.യ്ക്ക് നൽകേണ്ട ഫിക്സഡ് ചാർജ്

*344. ശ്രീ.വി.എസ്.ശിവകുമാർ

,, ടി.ജെ. വിനോദ്

,, എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ടി.പി.സി. കായംകുളം താപവൈദ്യുതനിലയത്തിന് അന്യായമായ ഫിക്സഡ് ചാർജ്ജ് നൽകുന്നതിനെതിരെ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന് കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത കത്തിലെ നിർദ്ദേശം എന്താണ്; വിശദമാക്കുമോ;

(ബി) എൻ.ടി.പി.സി.യുമായി വിലപേശി ഫിക്സഡ് ചാർജ്ജ് പുന:പരിശോധിക്കുവാൻ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്പിന്നിംഗ് വ്യവസായ വികസന പ്രവർത്തനങ്ങൾ

*345. ശ്രീ.എൽദോ എബ്രഹാം

,, മുല്ലക്കര രത്നാകരൻ

,, ചിറ്റയം ഗോപകുമാർ

ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; സ്പിന്നിംഗ് വ്യവസായം നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്നിരുന്ന ഏതെല്ലാം സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചെന്ന് വ്യക്തമാക്കുമോ; പ്രസ്തുത മില്ലുകൾ പൂട്ടുന്നതിനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) സ്പിന്നിംഗ് മില്ലുകളിലെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സ്പിന്നിംഗ് മില്ലുകളിലെ നൂൽ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) നൂൽ സംഭരിക്കുന്നതിനാരംഭിച്ച യാൺ ബാങ്കുകളുടെ പ്രവർത്തനം വ്യക്തമാക്കുമോ; ഇവയുടെ സവിശേഷതകളും ഇവ മൂലമുള്ള നേട്ടങ്ങളും വിശദമാക്കുമോ;

(എഫ്) ഈ സർക്കാർ നടപ്പാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾക്ക് ജീവവായു നൽകിയോയെന്ന് വിശദമാക്കുമോ?

സഹകരണ പ്രവർത്തനങ്ങളിൽ പുതുതലമുറയുടെ പങ്കാളിത്തം

*346. പ്രൊഫ.കെ.യു. അരുണൻ

ശ്രീ.കെ.സുരേഷ് കുറുപ്പ്

,, വി.കെ.പ്രശാന്ത്

ശ്രീമതിവീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ പുതുതലമുറയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) യുവാക്കളുടെ വിവിധ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനും അവർക്കായി സ്പെഷ്യൽ എൻറോൾമെന്റ് ഡ്രൈവ് ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സഹകരണ രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കി മാറ്റുവാൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി സഹകരണ ബാങ്കിംഗ് രംഗത്ത് നടപ്പിലാക്കിയിട്ടുള്ള ആധുനികവൽക്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>കയർ സംഘങ്ങളുടെ പുന:സംഘടന</u>

*347. ശ്രീ.എ.പി. അനിൽ കുമാർ

,, സണ്ണി ജോസഫ്

,, അനൂപ് ജേക്കബ്

,, അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കയർ പുന:സംഘടന സ്കീമിന് രൂപം നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കയർ സംഘങ്ങളുടെയും നാളികേര ഉൽപാദന കമ്പനികളുടെയും ആഭിമുഖ്യത്തിൽ മുപ്പത് ശതമാനം തൊണ്ടെങ്കിലും സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുമെന്നും ഇതിന് ആവശ്യമായ സബ്സിഡി നൽകുമെന്നുമുള്ള പ്രഖ്യാപനത്തിന്റെ പുരോഗതി വിശദമാക്കാമോ;

(സി) കയർപിരി സംഘങ്ങളുടെ പ്രവർത്തനം സമൂലമായ മാറ്റം വരേണ്ടുന്ന മേഖല ആയതിനാൽ നിലവിലുള്ള സംഘങ്ങളെ പരിശോധിച്ച് പുനരുജ്ജീവിപ്പിക്കാനും സാധ്യമല്ലാത്തവ നിർത്തലാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>വൈദ്യുതി നിരക്ക് വർദ്ധന</u>

*348. ശ്രീ.മഞ്ഞളാംകുഴി അലി

,, എം.ഉമ്മർ

,, പി.ഉബൈദുള്ള

,, ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പ്രാവശ്യമാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത്; വർദ്ധനയുടെ നിരക്ക് എത്രയെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര പൂളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വൈദ്യുതിയുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പ്രതിവർഷ വൈദ്യുതി ഉല്പാദനം എത്രയാണ്; അതിൽ ഉപഭോഗം, മറ്റ് സംസ്ഥാനങ്ങൾക്ക് വിൽപ്പന നടത്തുന്നത് എന്നിവ എത്രയാണെന്ന് അറിയിക്കാമോ;

(ഡി) നിലവിലുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ടൂറിസം മേഖലയിലെ വരുമാന വര്‍ദ്ധന</u>

*349. ശ്രീ.അനൂപ് ജേക്കബ്

,, അനില്‍ അക്കര

,, എല്‍ദോസ് പി. കുന്നപ്പിള്ളില്‍

,, വി.പി.സജീന്ദ്രന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ദേശീയ തലത്തില്‍ വിനോദ സഞ്ചാര മേഖല വെല്ലുവിളികള്‍ നേരിടുമ്പോള്‍ സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് അതിനെ അതിജീവിച്ച് മുന്നേറുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയിലെ വരുമാന വര്‍ദ്ധനയ്ക്ക് ഇടയാക്കിയ കാര്യങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ അഞ്ഞൂറ്റി തൊണ്ണൂറില്‍പ്പരം ഹോട്ടലുകള്‍ക്ക് എഫ്.എല്‍ 3 ലൈസന്‍സ് പുതുക്കി നല്‍കിയത് സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് സഹായകമായി എന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

<u>സ്വകാര്യ കായിക വിനോദകേന്ദ്രങ്ങള്‍</u>

*350. ശ്രീ.പി.കെ.ബഷീര്‍

,, അബ്ദുല്‍ ഹമീദ് പി.

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, പാറക്കല്‍ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും സ്പോര്‍ട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മുതലാളിമാരുടെ ഉടമസ്ഥതയിലുള്ള കായിക വിനോദകേന്ദ്രങ്ങള്‍ വര്‍ദ്ധിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണ മേഖലകളില്‍പോലും അത്യാധുനിക സ്വകാര്യ ടര്‍ഫ് കോര്‍ട്ടുകളും മിനി സ്റ്റേഡിയങ്ങളും വ്യാപകമാകുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വിനോദകേന്ദ്രങ്ങളില്‍ ഉപഭോക്താക്കളില്‍ നിന്ന് വാടക ഈടാക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകള്‍ നിലവിലുണ്ടോ;

(ഡി) ഇത്തരം വിനോദകേന്ദ്രങ്ങള്‍ക്ക് അനുമതി നല്‍കുന്നതിനും അവിടങ്ങളിലെ വാടകയ്ക്ക് പരിധി നിശ്ചയിക്കുന്നതിനും നിലവില്‍ എന്തെങ്കിലും സര്‍ക്കാര്‍ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ?

<u>ട്രാന്‍സ് ഗ്രിഡിന്റെ രണ്ടാംഘട്ട പദ്ധതി</u>

*351. ശ്രീ.ജോണ്‍ ഫെര്‍ണാണ്ടസ്

,, എം. സ്വരാജ്

,, രാജു എബ്രഹാം

,, സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത പ്രസരണ മേഖലയിലെ ദീർഘകാല പദ്ധതിയായ ട്രാൻസ് ഗ്രിഡിന്റെ രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ടാംഘട്ടത്തിന്റെ ആദ്യ പ്രവൃത്തിയായ ശബരി സബ് സ്റ്റേഷൻ പാക്കേജിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയ്ക്കായി ആകെ എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതിയുടെ പൂർത്തീകരണത്തോടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ട്രാൻസ് ഗ്രിഡിന്റെ രണ്ടാംഘട്ടം</u>

*352. ശ്രീ.മുരളി പെരുനെല്ലി

,, എം. രാജഗോപാലൻ

,, വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാന്തരങ്ങളിലെ ഒറ്റപ്പെട്ട വീടുകളിൽ ഉൾപ്പെടെ വൈദ്യുതി എത്തിച്ചുകൊണ്ട് രാജ്യത്തിന് മാതൃകയായി സമ്പൂർണ്ണ വൈദ്യുതീകരണം അഭിമാനാർഹമായി പൂർത്തിയാക്കിയതിനെ തുടർന്ന് വൈദ്യുതി മേഖലയെ ആഗോള നിലവാരത്തിലെത്തിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ പ്രസരണ ശേഷി ഇരട്ടിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ട്രാൻസ്ഗ്രിഡിന്റെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ എന്തെല്ലാമാണ്?

<u>സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ നിയന്ത്രണം</u>

*353. ശ്രീ.പി.ഉബൈദുള്ള

,, പാറക്കൽ അബ്ദുല്ല

,, പി.കെ.ബഷീർ

,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ നിയന്ത്രണം റിസർവ് ബാങ്കിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നീക്കം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ശക്തീകരണം

*354. ശ്രീ.എം. സ്വരാജ്

,, കെ.വി.വിജയദാസ്

,, എം. നൗഷാദ്

,, സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിലെത്തിയ കാലത്ത് തകർച്ച നേരിട്ടിരുന്ന കെ.എസ്.ഡി.പി.യെ വിപുലീകരണ നവീകരണ പ്രവർത്തനങ്ങളിലൂടെ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ കാലയളവിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ആയിരം കോടിയോളം രൂപ ചെലവിട്ട് കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെ ഉല്പാദനശേഷി വർദ്ധനവിന് നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ധാതുനിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ടൈറ്റാനിയം മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഇൻഡസ്ട്രിയൽ കോംപ്ലക്സ് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## ബയോ ഡീഗ്രേഡബിൾ ഉൽപ്പന്നങ്ങളുടെ നിർമ്മാണം

*355. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, കെ.എൻ.എ ഖാദർ

,, മഞ്ഞളാംകുഴി അലി

,, പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിരോധനം ഏർപ്പെടുത്തിയശേഷം ഇത്തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ചിരുന്ന എഴുന്നൂറിലേറെ യൂണിറ്റുകൾക്ക് ബയോ ഡീഗ്രേഡബിൾ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സഹായങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ബയോ ഡീഗ്രേഡബിൾ ഉൽപ്പന്നങ്ങൾ, കംപോസ്റ്റബിൾ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം ലൈസൻസ് ലഭിക്കുന്നതിന് വളരെ കാലതാമസം ഉള്ളതിനാൽ സംസ്ഥാനത്തെ വ്യവസായ യൂണിറ്റുകൾ പൂട്ടിപ്പോകുന്നതും അതേസമയം ഇതര സംസ്ഥാന ബയോ ഡീഗ്രേഡബിൾ വ്യവസായ ലോബി സംസ്ഥാനത്ത് ആധിപത്യം സ്ഥാപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് മറികടക്കുവാൻ എന്ത് നയമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സഹകരണ നയം</u>

*356. ശ്രീ.പി.ടി.എ. റഹീം

,, മുരളി പെരുനെല്ലി

,, പി. ഉണ്ണി

,, ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഏകോപിപ്പിച്ച് ശക്തവും ഊർജ്ജസ്വലവും സുസ്ഥിരവുമായി കെട്ടിപ്പടുക്കുന്നതിനും അതുവഴി തുല്യതയാർന്ന സാമൂഹിക സാമ്പത്തിക വികസനം ഉറപ്പാക്കി സമൂഹത്തെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് പ്രാപ്തമാക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് സഹകരണ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) സഹകരണ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഭരണ നിർവ്വഹണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും സംഘാടനത്തിലും നടത്തിപ്പിലും ജനങ്ങളെ ഉൾച്ചേർക്കുന്നതിനുമായി സഹകരണ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സുപ്രധാന കാര്യങ്ങൾ വിശദമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം</u>

*357. ശ്രീ.സണ്ണി ജോസഫ്

,, വി.ഡി.സതീശൻ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽക്കാലം കടുത്തതോടുകൂടി വൈദ്യുതി ഉപയോഗത്തിൽ വൻ വർദ്ധന ഉണ്ടാകുന്നുണ്ടോ;

(ബി) ഫെബ്രുവരി മാസം സംസ്ഥാനത്ത് റിക്കാർഡ് വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇതെന്നും എത്രയെന്നും വ്യക്തമാക്കാമോ; ഇതിൽ ആഭ്യന്തര ഉല്പാദനത്തിന്റെ പങ്ക് എത്രയായിരുന്നു;

(സി) പുറമേ നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് യൂണിറ്റിന് എന്ത് വിലയാണ് നൽകേണ്ടത്;

(ഡി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വൈദ്യുതി ഉപഭോഗത്തിൽ വൻ വർദ്ധനവ് ഉണ്ടാകുന്നതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എൽ.ഇ.ഡി. ലാമ്പുകൾ വ്യാപകമായി വിതരണം ചെയ്തിട്ടും വൈദ്യുതി ഉപഭോഗത്തിൽ കുറവ് ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

*358. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, എസ്.ശർമ്മ

,, സി.കെ. ഹരീന്ദ്രൻ

,, വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ് വ്യവസ്ഥ കൈവരിച്ച വളർച്ചക്കനുസൃതമായി നികുതി വരുമാനത്തിൽ വർദ്ധനവ് കൈവരിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) വ്യാപാരി സൗഹൃദ നയമെന്ന പ്രഖ്യാപിത നിലപാട് കൈക്കൊള്ളുമ്പോൾത്തന്നെ ഉപഭോക്താക്കളിൽ നിന്നും സമാഹരിക്കുന്ന നികുതി പൂർണ്ണമായും സർക്കാരിന് ലഭിക്കുന്നുവെന്നുറപ്പ് വരുത്താൻ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ;

(സി) ഉപഭോക്തൃ പ്രധാന സംസ്ഥാനമെന്ന നിലയ്ക്ക് അന്തർ സംസ്ഥാന വ്യാപാരത്തിന്റെ വിവരശേഖരണത്തിനും താരതമ്യ പരിശോധനയ്ക്കും കാര്യക്ഷമമായ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ചരക്ക് സേവന നികുതി വകുപ്പ് അഴിമതിമുക്തമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനം

*359. ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

,, കെ. രാജൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) എം.എസ്.എം.ഇ. വ്യവസായങ്ങൾ തുടങ്ങി മൂന്ന് വർഷത്തിനകം വിവിധ അനുമതികൾ നേടിയാൽ മതിയെന്ന വ്യവസ്ഥ ഉൾപ്പെടുന്ന 2019ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ നിയമത്തിന്റെ പ്രധാന സവിശേഷതകൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ പ്രാബല്യത്തിൽ വന്നെന്നറിയിക്കുമോ;

(ഡി) പുതിയ നിയമപ്രകാരം പത്ത് കോടി രൂപ മുതൽമുടക്കുള്ള എം.എസ്.എം.ഇ. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷ നോഡൽ ഏജൻസി സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടോ; വിവരങ്ങൾ അറിയിക്കുമോ;

(ഇ) വ്യവസായം ആരംഭിക്കുന്നതിന് വിവിധ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ

സംവിധാനമായ കെ-സ്വിഫ്റ്റ് പുതിയ നിയമം അനുസരിച്ചുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതി</u>

*360. ശ്രീ.കെ.എസ്.ശബരീനാഥൻ

ശ്രീമതിഷാനിമോൾ ഉസ്മാൻ

ശ്രീ.പി.ടി. തോമസ്

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുമെന്ന ലക്ഷ്യത്തോടെ പ്രാവർത്തികമാക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതി രൂപപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; അതിലൂടെ പ്രസ്തുത മേഖലയിലുണ്ടായ ഉണർവ് വിശദമാക്കുമോ;

(സി) വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കുന്നതിലുള്ള അലോട്ട്മെന്റ് പോളിസി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ് വി ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, സെക്രട്ടറി,

09-03-2020

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].